**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2009** **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണകടത്ത് സംഘങ്ങൾ നടത്തിയ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വർണ്ണക്കടത്ത് സംഘം ആളുകളെ തട്ടിക്കൊണ്ടു പോയി കൊലപാതകം നടത്തുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പന്തിരിക്കരയിൽ ഇർഷാദ് എന്ന യുവാവിനെ സ്വർണ്ണക്കടത്ത് സംഘം തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട കേസിലെ പ്രതികളെ പിടികൂടാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. 13 പ്രതികളിൽ 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവർ ജുഡീഷ്യൽ കസ്റ്റഡിയിലാണ്. |
| (സി) | ദീപക്, റിജേഷ്, അജാസ് അടക്കം നിരവധി പേരെ സ്വർണക്കടത്തുമായി ബന്ധപ്പെട്ടുള്ള സംഘം തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട കേസിലെ അന്വേഷണ പുരോഗതി അറിയിക്കാമോ? | (സി) | ദീപക്, റിജേഷ് തുടങ്ങിയ ചിലരുടെ ഇത്തരത്തിലുള്ള തിരോധാനവുമായി ബന്ധപ്പെട്ട് കോഴിക്കോട് റൂറൽ പോലീസ് ജില്ലയിലെ വിവിധ സ്റ്റേഷനുകളിലായി 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അജാസ് എന്നയാളെ സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. കാണാതായവരിൽ മൂന്നുപേരെ കണ്ടെത്തിയിട്ടുണ്ട്. വിവിധ കേസുകളിലായി 11 പേരെ അറസ്റ്റ് ചെയ്തു. ഒരു കേസിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. മറ്റു കേസുകളിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ